(സി) ഇതേ കാലയളവിൽ സർക്കാർ പ്രകൃതി ദുരന്തത്തിനിരയായവർക്ക് എത്ര കോടി രൂപ വീതം സഹായം ലഭ്യമാക്കുകയുണ്ടായി എന്ന് അറിയിക്കുമോ;

(ഡി) കേന്ദ്ര സഹായമായി ഇതിനകം ലഭിച്ച എന്ത് തുക ഇനിയും ചെലവഴിക്കുവാനായി ബാക്കിയുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2001-ലെ തെക്കുപടിഞ്ഞാറൻ കാലവർഷക്കെടുതികൾക്കും 2002-ൽ സംസ്ഥാനത്തുണ്ടായ വരൾച്ച-വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനും കേന്ദ്ര സഹായം ആവശ്യപ്പെടുകയുണ്ടായി.

(ബി) 2001-ൽ കാലവർഷക്കെടുതികൾക്ക് മൊത്തം 552 കോടി രൂപയുടെ ധന സഹായമാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടത്. 2002 ആഗസ്റ്റ് മാസത്തിൽ വരൾച്ചയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി 1022 കോടി രൂപ പ്രത്യേക ധനസഹായമായി കേന്ദ്രത്തോട് അഭ്യർത്ഥിച്ചു. അതിനുശേഷം വരൾച്ച രൂക്ഷമായതിനെത്തുടർന്ന് 28-11-2002-ലും 11-12-2002-ലും കേന്ദ്ര സർക്കാരിന് സമർപ്പിച്ച അനുബന്ധ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയ തുകകൂടി കൂട്ടി ആകെ 1057 കോടി രൂപ ധനസഹായമായി ആവശ്യപ്പെട്ടിട്ടുണ്ട്. 2002 നവംബർ മാസത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 145.7 കോടി രൂപയുടെ പ്രത്യേക ധനസഹായത്തിനായി കേന്ദ്ര ആഭ്യന്തര വകുപ്പിനെ സമീപിക്കുകയുണ്ടായി. ഈ മൂന്ന് സന്ദർഭങ്ങളിലും സെൻട്രൽ ടീം സംസ്ഥാനം സന്ദർശിച്ചുവെങ്കിലും കേന്ദ്രത്തിൽ നിന്നും പണമായി ഇതുവരെ പ്രത്യേക സഹായമൊന്നും ലഭിച്ചിട്ടില്ല. എങ്കിലും "ജോലിക്കു കൂലി ഭക്ഷണം" എന്ന പദ്ധതിയിൽ (എസ്.ജി.ആർ.വൈ. സ്പെഷ്യൽ കമ്പോണന്റ് സ്കീം) ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ ഇതുവരെ 102,000 മെട്രിക് ടൺ അരി നൽകിയിട്ടുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനും കേന്ദ്ര സഹായമൊന്നും ലഭിച്ചിട്ടില്ല.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

ഫ്ളഡ് റിലീഫ് വർക്കിനുള്ള തുക

18 [570] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികൾക്കായി ഇതേവരെ സംസ്ഥാനത്ത് അനുവദിച്ച മൊത്തം തുക എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതേ കാലയളവിൽ ഈയിനത്തിൽ ഓരോ വർഷവും അനുവദിച്ച തുകയുടെ അസംബ്ലി മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) അനുവദിച്ച് ഉത്തരവായ വർക്കുകളിൽ ഇതിനകം നിർമ്മാണം നടത്തി തുക വിനിയോഗിക്കപ്പെട്ടവയെ സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2001-02, 2002-03 എന്നീ വർഷങ്ങളിലും 2003-04 വർഷത്തിൽ ഇതുവരെയും വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികൾക്കായി അനുവദിച്ച മൊത്തം തുക 15807 ലക്ഷം രൂപയാണ്.

(ബി) മണ്ഡലാടിസ്ഥാനത്തിലല്ല ജില്ലാ അടിസ്ഥാനത്തിലാണ് കണക്കുകൾ സൂക്ഷിക്കുന്നത്. അതുകൊണ്ട് കണക്കുകൾ മണ്ഡലാടിസ്ഥാനത്തിൽ നൽകുവാൻ കഴിയില്ല. അസംബ്ലി മണ്ഡലം തിരിച്ചുള്ള കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(സി) 2001-02, 2002-03 വർഷങ്ങളിൽ പൂർത്തിയാക്കിയ വർക്കുകൾക്ക് വിനിയോഗിച്ച തുകയുടെ ജില്ലാടിസ്ഥാനത്തിലെ കണക്ക് താഴെ കാണും പ്രകാരമാണ്. 2003-04 വർഷാവസാനത്തിൽ മാത്രമേ ടി വർഷത്തിലെ കണക്കുകൾ ലഭ്യമാകൂ.

തുക ലക്ഷത്തിൽ

ജില്ല	2001-02	2002-03
തിരുവനന്തപുരം	627	225
കൊല്ലം	400	375
പത്തനംതിട്ട	250	268
ആലപ്പുഴ	350	373
കോട്ടയം	400	374
ഇടുക്കി	304	63
എറണാകുളം	449	375
തൃശ്ശൂർ	450	309
പാലക്കാട്	1159	460
മലപ്പുറം	350	374
കോഴിക്കോട്	351	395
വയനാട്	81	110
കണ്ണൂർ	290	321
കാസർഗോഡ്	226	190
ആകെ	5691	4242

അളവു തൂക്കത്തിൽ കൃത്രിമം

19 [571] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, എ. എൻ. രാജൻ ബാബു:
,, കെ. കെ ഷാജു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: